# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക
# (3)

ദൂത് പന്ത്രണ്ട്

RK *Hymns*: ML382, ML203

## സത്യവാൻ

തിരുവെഴുത്ത് വായന: 1 യോഹ. 5:6, 11-13, 20; 1:1-3; 3:24; 4:2, 6

1 യോഹ. 5:6 ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

1 യോഹ. 5:13 ദൈവപുത്രന്റെ നാമത്തിലേക്കു വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ടെന്ന് അറിയേണ്ടതിന് ആകുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് എഴുതിയത്.

1 യോഹ. 5:20 ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു.

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 3:24 അവന്റെ കൽപനകൾ കാക്കുന്നവൻ അവനിലും, അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന്, അവൻ നമുക്കു നൽകിയ, ആത്മാവിനാൽ നാം അറിയുന്നു.

1 യോഹ. 4:2 ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾ ഇതിനാൽ അറിയുന്നു: യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയുന്ന ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതാകുന്നു,

1 യോഹ. 4:6 നാം ദൈവത്തിൽനിന്നുള്ളവർ ആകുന്നു; ദൈവത്തെ അറിയുന്നവൻ

നമ്മെ കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും നാം അറിയുന്നു.

**I. 1 യോഹന്നാൻ 5:20-ൽ നമുക്ക് 1 യോഹന്നാന്റെ മുഴുവൻ ലേഖനത്തിന്റെയും നിർണായകമായ ഉപസംഹാരമുണ്ട്:**

1 യോഹ. 5:20 ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു.

A. ഈ ലേഖനം വെളിപ്പെടുത്തുന്നത്, ഇപ്പോൾ നാം യഥാർഥത്തിൽ ത്രിയേക ദൈവത്തോട് ഒന്നായിരിക്കുന്നുവെന്നും, അവൻ നമുക്ക് സത്യവും യഥാർഥവുമായിത്തീരുന്നു എന്നുമാണ്—1:3; 3:24; 4:2.

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 3:24 അവന്റെ കൽപനകൾ കാക്കുന്നവൻ അവനിലും, അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന്, അവൻ നമുക്കു നൽകിയ, ആത്മാവിനാൽ നാം അറിയുന്നു.

1 യോഹ. 4:2 ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾ ഇതിനാൽ അറിയുന്നു: യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയുന്ന ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതാകുന്നു,

B. നാം അവനിൽ ആയിരിക്കുന്നതുകൊണ്ട് അവൻ നമുക്ക് യാഥാർഥ്യവും ജീവനുമായിത്തീരുന്നു—5:6; 2:24-25; 4:13.

1 യോഹ. 5:6 ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ.

1 യോഹ. 2:24 നിങ്ങൾക്കോ, ആദിമുതൽ നിങ്ങൾ കേട്ടത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും.

1 യോഹ. 2:25 അവൻതന്നെ നമുക്ക് വാഗ്ദാനം ചെയ്ത വാഗ്ദത്തം നിത്യജീവൻ ആകുന്നു.

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

**II. ത്രിയേക ദൈവത്തെ അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാം അവനെ അറിയുവാൻ ഇടയാകുന്നു—1:5; 2:27; 4:16; 5:11-12:**

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

A. തന്റെ ലേഖനങ്ങൾ എഴുതുന്നതിൽ അപ്പൊസ്തലനായ യോഹന്നാന്റെ താൽപര്യം ത്രിയേക ദൈവത്തിന്റെ അനുഭവവും ആസ്വാദനവുമായിരുന്നു—2 യോഹ. 8.

2 യോഹ. 1:8 ഞങ്ങൾ പണിതുചേർത്ത കാര്യങ്ങളെ നഷ്ടമാക്കാതെ, നിങ്ങൾ പൂർണ പ്രതിഫലം പ്രാപിക്കേണ്ടതിന്, നിങ്ങളെത്തന്നെ നോക്കിക്കൊള്ളുവിൻ.

B. ത്രിയേക ദൈവം കേവലം നമ്മുടെ വിശ്വാസത്തിന്റെ വസ്തു മാത്രമല്ല; നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനുമായി നമ്മുടെ ജീവനും ജീവ സഹായവുമായി അവൻ നമ്മിൽ വസിക്കുന്നു—1 യോഹ. 4:13-15.

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

1 യോഹ. 4:14 പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടിരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

1 യോഹ. 4:15 യേശു ദൈവപുത്രൻ എന്ന് ആരെല്ലാം ഏറ്റുപറയുന്നുവോ, ദൈവം അവനിലും അവൻ ദൈവത്തിലും വസിക്കുന്നു.

C. വ്യക്തിനിഷ്ഠനായ ദൈവത്തിന്റെ ആന്തരിക ആസ്വാദനത്തിലൂടെ നാം ത്രിയേക ദൈവത്തെ അനുഭവപരമായി അറിയേണ്ടതുണ്ട്—2:27; 4:4.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1 യോഹ. 4:4 കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു;

നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനാകയാൽ, നിങ്ങൾ അവരെ ജയിച്ചിരിക്കുന്നു.

D. ത്രിയേക ദൈവത്തെ നാം അറിയണമെങ്കിൽ, നാം ജീവന്റെ രേഖയിലായിരിക്കുകയും ജീവന്റെ വളർച്ചയുടെ പ്രക്രിയയിൽ ആയിരിക്കുകയും വേണം; എത്രത്തോളം നാം ജീവനിൽ വളരുമോ അത്രത്തോളം നാം ദിവ്യ ത്രിത്വവുമായി ബന്ധപ്പെട്ടിരിക്കും.

**III. യോഹന്നാന്റെ ലേഖനങ്ങൾ ത്രിയേക ദൈവത്തെ—പിതാവിനെയും പുത്രനെയും ആത്മാവിനെയും—വെളിപ്പെടുത്തുന്നു—1 യോഹ. 1:1-2; 2:23-24; 3:24; 4:2, 6, 13-14; 5:6, 11-12; 2 യോഹ. 9:**

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 2:23 പുത്രനെ നിഷേധിക്കുന്നവനു പിതാവും ഇല്ല; പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ട്.

1 യോഹ. 2:24 നിങ്ങൾക്കോ, ആദിമുതൽ നിങ്ങൾ കേട്ടത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും.

1 യോഹ. 3:24 അവന്റെ കൽപനകൾ കാക്കുന്നവൻ അവനിലും, അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന്, അവൻ നമുക്കു നൽകിയ, ആത്മാവിനാൽ നാം അറിയുന്നു.

1 യോഹ. 4:2 ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾ ഇതിനാൽ അറിയുന്നു: യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയുന്ന ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതാകുന്നു,

1 യോഹ. 4:6 നാം ദൈവത്തിൽനിന്നുള്ളവർ ആകുന്നു; ദൈവത്തെ അറിയുന്നവൻ നമ്മെ കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും നാം അറിയുന്നു.

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

1 യോഹ. 4:14 പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടിരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

1 യോഹ. 5:6 ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ.

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ

ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

2 യോഹ. 1:9 ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാതെ അതിർ കടന്നുപോകുന്ന ഒരുവനും ദൈവമില്ല; ഉപദേശത്തിൽ വസിക്കുന്നവന് പിതാവും പുത്രനും ഉണ്ട്.

A. പിതാവിനെ അറിയുക എന്നാൽ അവനെ ആസൂത്രണം ചെയ്യുന്നവനും, തുടക്കമിടുന്നവനും, പ്രാരംഭം കുറിക്കുന്നവനുമായ സ്രോതസ്സായും, നിസ്തുല പ്രാരംഭകനായും അറിയുക എന്നതാണ്; എല്ലാം അവനിൽനിന്നാണ് ഉത്ഭവിക്കുന്നത്, എല്ലാം അവനിൽനിന്നാണ് പുറപ്പെടുന്നത്—1 യോഹ. 1:2-3; 2:23-24; 4:2, 6, 13-14; 2 യോഹ. 9:

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 2:23 പുത്രനെ നിഷേധിക്കുന്നവനു പിതാവും ഇല്ല; പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ട്.

1 യോഹ. 2:24 നിങ്ങൾക്കോ, ആദിമുതൽ നിങ്ങൾ കേട്ടത് നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും.

1 യോഹ. 4:2 ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾ ഇതിനാൽ അറിയുന്നു: യേശു ക്രിസ്തു ജഡത്തിൽ വന്നു എന്ന് ഏറ്റുപറയുന്ന ഏത് ആത്മാവും ദൈവത്തിൽ നിന്നുള്ളതാകുന്നു,

1 യോഹ. 4:6 നാം ദൈവത്തിൽനിന്നുള്ളവർ ആകുന്നു; ദൈവത്തെ അറിയുന്നവൻ നമ്മെ കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും നാം അറിയുന്നു.

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

1 യോഹ. 4:14 പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടിരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

2 യോഹ. 1:9 ക്രിസ്തുവിന്റെ ഉപദേശത്തിൽ വസിക്കാതെ അതിർ കടന്നുപോകുന്ന ഒരുവനും ദൈവമില്ല; ഉപദേശത്തിൽ

വസിക്കുന്നവന് പിതാവും പുത്രനും ഉണ്ട്.

1. പിതാവ് നിത്യജീവന്റെ സ്രോതസ്സാണ്; ഈ ജീവനെ പിതാവ് തിരഞ്ഞെടുത്തവർ പങ്കുകൊള്ളുവാനും ആസ്വദിക്കുവാനും വേണ്ടി നിത്യജീവന്റെ ആവിഷ്കാരമെന്ന നിലയിൽ പുത്രൻ പിതാവിൽനിന്നും പിതാവിനോടുകൂടെയും പ്രത്യക്ഷനായി—1 യോഹ. 1:2-3; 5:11-12.

| | |
|---|---|
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| 1 യോഹ. 5:11 | ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ. |
| 1 യോഹ. 5:12 | പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല. |

2. *പിതാവ്* എന്ന അഭിധാനം ജീവപകർച്ചയെ സൂചിപ്പിക്കുന്നു; ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ പിതാവ് തന്റെ ജീവനെ തന്റെ മക്കളിലേക്ക് പകരുന്നു—3:1; 1 പത്രൊ. 1:3

| | |
|---|---|
| 1 യോഹ. 3:1 | ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല. |
| 1 പത്രൊ. 1:3 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |

B. 1 യോഹന്നാൻ 1:1-2-ൽ *ജീവന്റെ വചനം*, *ജീവൻ* എന്നീ പദങ്ങൾ നിത്യതയിൽ പിതാവിനോടുകൂടെ ആയിരുന്നവനും, ജഡാവതാരത്തിലൂടെ സമയത്തിൽ വെളിവായവനുമായ, പുത്രനായ, ക്രിസ്തുവിന്റെ ദിവ്യ വ്യക്തിയെ സൂചിപ്പിക്കുന്നു—യോഹ. 1:1, 14:

| | |
|---|---|
| 1 യോഹ. 1:1 | ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്, |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും |

അറിയിക്കുകയും ചെയ്യുന്നു);

യോഹ. 1:1 ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

1. പുത്രനായ ക്രിസ്തു, ആദിമുതൽ ജീവന്റെ വചനമായ നിത്യനായ, മുമ്പേയുള്ളവനാണ്—1 യോഹ. 2:13, 14.

   1 യോഹ. 2:13 പിതാക്കന്മാരേ, നിങ്ങൾ, ആദിമുതലുള്ളവനെ അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു...

   1 യോഹ. 2:14 പിതാക്കന്മാരേ, നിങ്ങൾ ആദിമുതലുള്ളവനെ അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു...

2. പിശാചിന്റെ പ്രവൃത്തികളായ, പാപപ്രവൃത്തികളെ ഇല്ലാതാക്കുവാനും നശിപ്പിക്കുവാനുമായി ദൈവപുത്രൻ വെളിവായി—3:8.

   1 യോഹ. 3:8b ...പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്..

3. നമ്മുടെ പാപങ്ങൾക്ക് അനുനയമായി ദൈവം തന്റെ പുത്രനെ അയച്ചു—4:10.

   1 യോഹ. 4:10 നാം ദൈവത്തെ സ്നേഹിച്ചിരിക്കുന്നു എന്നല്ല, അവൻ നമ്മെ സ്നേഹിച്ച് നമ്മുടെ പാപങ്ങൾക്ക് അനുനയമായി തന്റെ പുത്രനെ അയച്ചതത്രേ സ്നേഹം ആകുന്നു.

4. നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചു—വാ. 9.

   1 യോഹ. 4:9 നമുക്ക് ജീവൻ ഉണ്ടായിട്ട് അവനിലൂടെ ജീവിക്കേണ്ടതിന് തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചു എന്നതിൽ, ദൈവസ്നേഹം നമ്മുടെ ഇടയിൽ വെളിവായി.

5. ദൈവപുത്രൻ എന്ന മുഖാന്തരത്തിലൂടെയാണ് ദൈവം നമുക്ക് തന്റെ നിത്യജീവൻ നൽകുന്നത്—5:11-12.

   1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

   1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

6. നീതിമാനായ യേശു ക്രിസ്തു പിതാവിന്റെ അടുക്കലുള്ള നമ്മുടെ കാര്യസ്ഥനാണ്; നാം പാപം ചെയ്യുമ്പോൾ, കർത്താവായ യേശു, താൻ നിർവഹിച്ച അനുനയത്തിന്റെ അടിസ്ഥാനത്തിൽ, നമുക്കുവേണ്ടി

പക്ഷവാദം ചെയ്തും വാദിച്ചുംകൊണ്ട് നമ്മുടെ അവസ്ഥയ്ക്കായി കരുതുന്നു—2:1; റോമ. 8:34.

| | |
|---|---|
| 1 യോഹ. 2:1 | എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ ഈ കാര്യങ്ങൾ നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്യുന്നുവെങ്കിലോ, നീതിമാനായ യേശു ക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്; |
| റോമ. 8:34 | കുറ്റംവിധിക്കുന്നവൻ ആർ? ക്രിസ്തു യേശു അത്രേ മരിച്ചവൻ, അതിലുപരി, ഉയിർപ്പിക്കപ്പെട്ടവനും, ദൈവത്തിന്റെ വലത്തുഭാഗത്ത് ഉള്ളവനും, നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവനും. |

C. 1 യോഹന്നാൻ 4:6-ലെ സത്യത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവായ യാഥാധ്യത്തിന്റെ ആത്മാവാണ്—യോഹ. 14:17; 15:26; 16:13:

| | |
|---|---|
| 1 യോഹ. 4:6 | നാം ദൈവത്തിൽനിന്നുള്ളവർ ആകുന്നു; ദൈവത്തെ അറിയുന്നവൻ നമ്മെ കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മെ കേൾക്കുന്നില്ല. ഇതിൽനിന്ന് സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും നാം അറിയുന്നു. |
| യോഹ. 14:17 | യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു. |
| യോഹ. 15:26 | എന്നാൽ, ഞാൻ പിതാവിൽനിന്ന് നിങ്ങൾക്ക് അയയ്ക്കുന്ന, പിതാവിൽനിന്ന് പുറപ്പെട്ടുവരുന്ന, യാഥാർഥ്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥൻ വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും; |
| യോഹ. 16:13 | എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും. |

1. ആത്മാവാണ് യാഥാർഥ്യം; ദൈവപുത്രനെന്ന നിലയിൽ ക്രിസ്തു താൻ ആയിരിക്കുന്ന സകലത്തിന്റെയും യാഥാർഥ്യം ആത്മാവാകുന്നു എന്നാണ് ഇതിന്റെ അർഥം—1 യോഹ. 5:6.

| | |
|---|---|
| 1 യോഹ. 5:6 | ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ. |

2. ക്രിസ്തു നമുക്ക് നൽകിയ ആത്മാവിനാൽ, ത്രിയേക ദൈവം നമ്മിൽ വസിക്കുന്നു എന്ന് നാം അറിയുന്നു—3:24.

1 യോഹ. 3:24 അവന്റെ കൽപനകൾ കാക്കുന്നവൻ അവനിലും, അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന്, അവൻ നമുക്കു നൽകിയ, ആത്മാവിനാൽ നാം അറിയുന്നു.

D. നാം പിതാവായ ദൈവത്തിലും അവൻ നമ്മിലും വസിക്കുന്നു എന്നും, പിതാവായ ദൈവം നമുക്ക് തന്റെ ആത്മാവിനെ നൽകിയിരിക്കുന്നുവെന്നും, പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നുവെന്നും 1 യോഹന്നാൻ 4:13-14 വെളിപ്പെടുത്തുന്നു:

1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

1 യോഹ. 4:14 പിതാവ് പുത്രനെ ലോകരക്ഷകനായി അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടിരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

1. വാക്യം 13-ലെ *അവന്റെ ആത്മാവിൽനിന്ന്* എന്നത് ദൈവം നമുക്ക് നൽകിയ ദൈവാത്മാവ് സമ്പന്നനും അളവറ്റവനുമാണെന്ന് സൂചിപ്പിക്കുന്നു; ഇങ്ങനെയുള്ള, സമ്പന്നനും അളവറ്റവനുമായ ആത്മാവിനാൽ, നാമും ദൈവവും ഒന്നാണെന്നും നാം അന്യോന്യം ഉൾവസിക്കുന്നുവെന്നും പൂർണ ഉറപ്പോടെ നാം അറിയുന്നു—ഫിലി. 1:19; യോഹ. 3:34.

   1 യോഹ. 4:13 അവന്റെ ആത്മാവിൽനിന്ന് അവൻ നമുക്കു നൽകിയിരിക്കുന്നതിനാൽ, നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് നാം അറിയുന്നു.

   ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

   യോഹ. 3:34 എന്തെന്നാൽ ദൈവം അയച്ചവൻ ദൈവത്തിന്റെ വചനങ്ങൾ സംസാരിക്കുന്നു, അവൻ അളവില്ലാതെയത്രേ ആത്മാവിനെ നൽകുന്നത്.

2. നമ്മുടെ പിതാവായ ദൈവം, പുത്രനായ യേശു ക്രിസ്തുവിന്റെ ധാരാളമായ സഹായമായ, സർവവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവിനെ നമുക്ക് നൽകിയിരിക്കുന്നു—1 കൊരി. 15:45; 2 കൊരി. 3:17.

   1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

   2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

E. നാം സത്യവാനെ അറിയുകയും സത്യവാനിൽ ആയിരിക്കുകയും ചെയ്യുന്നു—1 യോഹ. 5:20.

1 യോഹ. 5:20 ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു.

**IV. “ദൈവപുത്രൻ വരുകയും നാം സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു”—വാ. 20:**

A. "നാം അറിയുന്നു":

1. *നാം* എന്നത് ഒന്നാമതായി അവരുടെ ഉപദേശത്തിലും കൂട്ടായ്മയിലും അപ്പൊസ്തലന്മാരെയും, അതിനുശേഷം ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ എല്ലാ യഥാർഥ വിശ്വാസികളെയും പരാമർശിക്കുന്നു—1: 3, 6-7*.*

1 യോഹ. 1:3 ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

2. *അറിയുന്നു* എന്നത് ഇവിടെ ദിവ്യ യാഥാർഥ്യത്തെ അനുഭവമാക്കിക്കൊണ്ടും, ആസ്വദിച്ചുകൊണ്ടും, കൈവശമാക്കിക്കൊണ്ടും അറിയുന്നതിനെ പരാമർശിക്കുന്നു—3:2, 5.

1 യോഹ. 3:2 പ്രിയരേ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു, നാം എന്താകും എന്ന് ഇതുവരെ വെളിവായിട്ടില്ല. അവൻ വെളിവാകുമ്പോൾ, അവൻ ആയിരിക്കുന്നതുപോലെ നാം അവനെ കാണും എന്നതിനാൽ നാം അവനോട് സദൃശന്മാരാകും എന്നു നാം അറിയുന്നു.

1 യോഹ. 3:5 പാപങ്ങളെ നീക്കിക്കളയേണ്ടതിനാകുന്നു അവൻ വെളിവായതെന്ന് നിങ്ങൾ അറിയുന്നു; അവനിൽ പാപമില്ല.

B. നമുക്ക് ദിവ്യ ജീവൻ ഉണ്ടായിട്ട്, സ്നേഹമായും വെളിച്ചമായും ദൈവത്തിനിന്ന് പങ്കുകൊള്ളേണ്ടതിന്, കൃപയായും യാഥാർഥ്യമായും നമ്മുടെ അടുക്കൽ ദൈവത്തെ കൊണ്ടുവരുന്നതിനായി, ജഡാവതാരത്തിലൂടെയും മരണപുനരുത്ഥാനത്തിലൂടെയും ആത്മാവായി "ദൈവപുത്രൻ വന്നിരിക്കുന്നു"—യോഹ. 1:14; എഫെ. 2:17; 1 യോഹ. 1:5; 4:16.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

എഫെ. 2:17 പിന്നെ വന്നിട്ട്, ദൂരസ്ഥരായിരുന്ന നിങ്ങളോട് സമാധാനവും

സമീപസ്ഥരായിരുന്നവരോട് സമാധാനവും സുവിശേഷമായി അവൻ അറിയിച്ചു,

| | |
|---|---|
| 1 യോഹ. 1:5 | ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. |
| 1 യോഹ. 4:16 | ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു. |

C. "വിവേകം" എന്നത് നമ്മുടെ വീണ്ടും ജനിച്ച ആത്മാവിലെ ദിവ്യയാഥാർഥ്യം ഗ്രഹിക്കുവാൻ, യാഥാർഥ്യത്തിന്റെ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ടതും ശക്തീകരിക്കപ്പെട്ടതുമായ നമ്മുടെ മനസ്സിന്റെ കഴിവാണ്—യോഹ. 16:12-15.

| | |
|---|---|
| യോഹ. 16:12 | ഇനിയും അനേകം കാര്യങ്ങൾ എനിക്ക് നിങ്ങളോടു പറയുവാനുണ്ട്, എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അവയെ വഹിക്കുവാൻ കഴിയുകയില്ല. |
| യോഹ. 16:13 | എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും. |
| യോഹ. 16:14 | എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും. |
| യോഹ. 16:15 | പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്. |

D. "സത്യവാനെ അറിയുക" അഥവാ "സത്യമായവനെ അറിയുക":

1. “സത്യം” (*അലെത്തിനോസ്*) എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന പദം കപടമായ, വ്യാജമായ എന്നതിന് വിപരീതമായി, “വാസ്തവമായ, യഥാർഥമായ” എന്ന് അർഥമാക്കുന്നു:
   a. വാസ്തവത്തിൽ, യവന പദം "സത്യം" എന്നാണ്.
   b. നമ്മുടെ ത്രിയേക ദൈവം മാത്രമാണ് സത്യം; എല്ലാ കാര്യങ്ങളും, മറ്റെല്ലാ വ്യക്തികളും വ്യാജമാണ്.
2. *സത്യവാൻ* (വ്യക്തിനിഷ്ഠമായത്) എന്ന പദം ദൈവം നമുക്ക് വ്യക്തിനിഷ്ഠനാകുന്നതിനെ പരാമർശിക്കുന്നു.
3. ഈ വാക്യത്തിൽ വസ്തുനിഷ്ഠനായ ദൈവം നമ്മുടെ ജീവിതത്തിലും അനുഭവത്തിലും സത്യവാനായിത്തീരുന്നു:
   a. സത്യവാൻ ദിവ്യ യാഥാർഥ്യമാണ്, നാം സത്യവാനെ, ദിവ്യ യാഥാർഥ്യത്തെ അനുഭവമാക്കുന്നതിലൂടെയും, ആസ്വദിക്കുന്നതിലൂടെയും, കൈവശമാക്കുന്നതിലൂടെയും അറിയുന്നു.

b. നമുക്ക് സത്യദൈവത്തെ, ദിവ്യ യാഥാർഥ്യത്തെ, അനുഭവമാക്കുവാനും ആസ്വദിക്കുവാനും കൈവശമാക്കുവാനും കഴിയേണ്ടതിന് ദൈവപുത്രൻ നമുക്ക് വിവേകം നൽകിയിരിക്കുന്നു.

c. നമ്മുടെ അനുഭവത്തിൽ ദൈവം നമ്മുടെ യാഥാർഥ്യമായി തീർന്നിരിക്കുന്നുവെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു.

d. ഒരിക്കൽ നമുക്ക് വസ്തുനിഷ്ഠമായിരുന്ന ദൈവം ഇന്ന് നമ്മുടെ വ്യക്തിനിഷ്ഠ യാഥാർഥ്യമായി തീർന്നിരിക്കുന്നു.

E. "നാം സത്യവാനിൽ ആകുന്നു":

1. നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു.

2. നാം ദൈവത്തെ അറിയുക മാത്രമല്ല—നാം ദൈവത്തിൽതന്നെ ആകുന്നു:

a. നമുക്ക് അവനെക്കുറിച്ചുള്ള അറിവ് ഉണ്ടായിരിക്കുക മാത്രമല്ല; നാം അവനുമായി ഒരു ജൈവിക ഐക്യത്തിൽ ആയിരിക്കുകയും ചെയ്യുന്നു.

b. നാം ജൈവികമായി അവനോട് ഒന്നായിരിക്കുന്നു.

3. നാം ഇനിമേൽ സത്യത്തിന് പുറത്തല്ല, നാം ഇനിമേൽ അവന്റെ പുത്രനായ യേശു ക്രിസ്തുവിനും പുറത്തല്ല.

4. നാം സത്യവാനിൽ ആകുന്നു എന്ന് യോഹന്നാൻ പറയുമ്പോൾ, അവൻ ഒരു നിർണായക കാര്യം ഉന്നയിക്കുന്നു: *നാം സത്യവാനെ അറിയുക മാത്രമല്ല, ദിവ്യ യാഥാർഥ്യമായി നാം അവനെ അനുഭവമാക്കുകയും ആസ്വദിക്കുകയും കൈവശമാക്കുകയും ചെയ്യുക മാത്രമല്ല, പിന്നെയോ നാം ഈ യാഥാർഥ്യത്തിൽ ആകുന്നു; നാം സത്യവാനിൽ ആകുന്നു.*

F. "നാം... അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു":

1. സത്യദൈവത്തിൽ ആയിരിക്കുക എന്നാൽ അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആയിരിക്കുന്നതാണ്.

2. ദൈവപുത്രനായ യേശു ക്രിസ്തു ദൈവത്തിന്റെ ദേഹരൂപമായതിനാൽ (കൊലൊ. 2:9), അവനിൽ ആയിരിക്കുന്നത് സത്യദൈവത്തിൽ ആയിരിക്കുന്നതാണ്; ഇത് സൂചിപ്പിക്കുന്നത് ദൈവപുത്രനായ യേശു ക്രിസ്തു സത്യദൈവമാകുന്നു എന്നാണ്.

   കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

3. സത്യവാനിൽ ആയിരിക്കുന്നത് അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആയിരിക്കുന്നതാണെന്ന് നാം പറഞ്ഞാലും, യേശു ക്രിസ്തുവിൽ ആയിരിക്കുന്നതിനാൽ നാം സത്യവാനിൽ ആയിരിക്കുന്നു എന്ന് നാം പറഞ്ഞാലും, അത് ഫലത്തിൽ ഒന്നുതന്നെയാണ്, അതിന്റെ അർഥവും ഒന്നുതന്നെയാണ്:

a. സത്യവാനിൽ ആയിരിക്കുക എന്നത് അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആയിരിക്കുന്നതിന് തുല്യമാണ് (കാരണം സത്യവാനും യേശു ക്രിസ്തുവും സംയോജനത്തിന്റെ രീതിയിൽ ഒന്നാണ്).

b. അവന്റെ പുത്രനായ യേശു ക്രിസ്തുവിൽ ആയിരിക്കുന്നതിലൂടെ നാം സത്യവാനിൽ ആകുന്നു.

G. "ഇത് സത്യദൈവവും നിത്യജീവനും ആകുന്നു":

1. *ഇത്* എന്ന വാക്കിന് നാം ശ്രദ്ധ നൽകേണ്ടതുണ്ട്.
2. സത്യദൈവത്തെയും നിത്യജീവനെയും പരാമർശിക്കാൻ യോഹന്നാൻ *ഇത്* ഉപയോഗിക്കുന്നു; സത്യദൈവവും നിത്യജീവനും ഒന്നാണെന്ന് ഇതിലൂടെ നാം കാണുന്നു.
3. ഉപദേശപരമായി, സത്യദൈവത്തെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനെയും രണ്ടായി കണക്കാക്കാം, എന്നാൽ നാം അനുഭവപരമായി സത്യദൈവത്തിലും യേശു ക്രിസ്തുവിലുമായിരിക്കുമ്പോൾ, അവർ ഒന്നാണ്.
4. ഇക്കാരണത്താൽ, സത്യദൈവത്തെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനെയും പരാമർശിക്കാൻ യോഹന്നാൻ *ഇത്* ഉപയോഗിക്കുന്നു.
5. സത്യദൈവത്തിലും യേശു ക്രിസ്തുവിലും ആയിരിക്കുന്ന നമ്മുടെ അനുഭവത്തിൽ, അവർ ഒന്നാണ്.

H. 1 യോഹന്നാൻ 5:20-ൽ *ഇത്* എന്തിനെയാണ് പരാമർശിക്കുന്നതെന്ന് നമുക്ക് വ്യക്തമായ ഒരു ദർശനം വേണം:

1 യോഹ. 5:20 ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു.

1. *ഇത്* എന്ന വാക്ക് നാം അവനിൽ ആയിരിക്കുന്നതിലൂടെ നമുക്ക് അനുഭവപരനായിത്തീർന്ന സാക്ഷാൽ ദൈവത്തെയാണ് സൂചിപ്പിക്കുന്നത്.
2. നാം സത്യവാനിലും അവന്റെ പുത്രനായ യേശു ക്രിസ്തുവിലും ആയിരിക്കുമ്പോൾ, അവർ നമുക്ക് ഒന്നായിത്തീരുന്നു; അതിനാൽ, "ഇത്" സത്യദൈവമാണെന്നും "ഇത്" നിത്യജീവനാണെന്നും യോഹന്നാൻ പറയുന്നു.
3. "ഇത്" നാം ആയിരിക്കുന്ന സാക്ഷാൽ ദൈവവും, സാക്ഷാൽ യേശു ക്രിസ്തുവും ആണ്.
4. "ഇത്" എന്നതിൽ നാം ദൈവത്തിലും യേശു ക്രിസ്തുവിലും ആയിരിക്കുന്നതിന്റെ അവസ്ഥ ഉള്ളടങ്ങുന്നു; അതിനാൽ, സത്യദൈവത്തിലും നിത്യജീവനിലും നാം സത്യവാനിലും അവന്റെ പുത്രനായ യേശു ക്രിസ്തുവിലും ആയിരിക്കുന്നത് ഉള്ളടങ്ങുന്നു.
5. ഇപ്പോൾ നമ്മുടെ അനുഭവത്തിൽ ഈ സത്യവാൻ സത്യദൈവവും, യേശു ക്രിസ്തു നിത്യജീവനും ആയിത്തീരുന്നു.
6. "ഇത്" എന്നതിൽ നാം സത്യദൈവത്തിലും നിത്യജീവനിലും ആയിരിക്കുന്നതിന്റെ വസ്തുത ഉള്ളടങ്ങുന്നു.
7. നാം സത്യവാനിലും അവന്റെ പുത്രനായ യേശു ക്രിസ്തുവിലും ആയിരിക്കുന്നതിനാൽ നാം സത്യദൈവത്തിലും നിത്യജീവനിലും ആണെന്ന് നാം അറിയുന്നു.
8. നാം സത്യവാനിലും യേശു ക്രിസ്തുവിലും ആയിരിക്കുമ്പോൾ, നാം അവരിലാണെന്ന വസ്തുത ഉള്ളടങ്ങുന്ന "ഇത്" സത്യദൈവമാകുന്നു.

I. സത്യദൈവം നിത്യജീവനെന്ന നിലയിൽ നമ്മുടെ അനുഭവമായിത്തീരുന്നു—വാ. 20; 1:2; 2:25; 5:11, 13; യോഹ. 3:15-16, 36; 4:14; 5:24:

| | |
|---|---|
| 1 യോഹ. 5:20 | ദൈവപുത്രൻ വരുകയും നാം, സത്യവാനെ അറിയേണ്ടതിന് നമുക്ക് വിവേകം തരുകയും ചെയ്തിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ; നാം സത്യവാനിൽ, അവന്റെ പുത്രനായ യേശു ക്രിസ്തുവിൽതന്നെ ആകുന്നു. ഇത് സത്യദൈവവും നിത്യജീവനും ആകുന്നു. |
| 1 യോഹ. 1:2 | (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട് സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു); |
| 1 യോഹ. 2:25 | അവൻതന്നെ നമുക്ക് വാഗ്ദാനം ചെയ്ത വാഗ്ദത്തം നിത്യജീവൻ ആകുന്നു. |
| 1 യോഹ. 5:11 | ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ. |
| 1 യോഹ. 5:13 | ദൈവപുത്രന്റെ നാമത്തിലേക്കു വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ടെന്ന് അറിയേണ്ടതിന് ആകുന്നു ഈ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് എഴുതിയത്. |
| യോഹ. 3:15 | അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ. |
| യോഹ. 3:16 | തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു. |
| യോഹ. 3:36 | പുത്രനിലേക്കു വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; എന്നാൽ പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുകയത്രേ ചെയ്യുന്നത്. |
| യോഹ. 4:14 | എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 5:24 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവൻ ന്യായവിധിയിലേക്കു വരാതെ, മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു. |

1. ഇതാണ് യോഹന്നാന്റെ ഒന്നാം ലേഖനത്തിന്റെ അടിസ്ഥാന ഘടകം.

2. 1 യോഹന്നാനിൽ നിത്യജീവനെന്ന നിലയിൽ നമുക്ക് ത്രിയേക ദൈവത്തിന്റെ ആസ്വാദനമുണ്ട്.
3. നാം സത്യദൈവത്തിലായിരിക്കുമ്പോൾ, അവൻ നമുക്ക് നിത്യജീവനായിത്തീരുന്നു.